**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **08-12-2022 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എന്റെ ഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | റവന്യൂ ഭരണം സുഗമമാക്കുന്നതിനും, ഭൂ സംബന്ധമായ സേവനങ്ങൾ കൂടുതൽ സുഗമമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, സംസ്ഥാനത്തിന്റെ റീസർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.<br><br>കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ വിവര സാങ്കേതിക വിദ്യ അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മുൻകാലങ്ങളിൽ പരമ്പരാഗത സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് കൺവെഷണൽ രീതിയിൽ സർവെ നടത്തിയ വില്ലേജുകൾ കൂടി ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1550 വില്ലേജുകളുടെ സർവെയാണ് നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നത്.ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതിന് മുമ്പായുള്ള കരട് എന്റെ ഭൂമിയിൽ പ്രസിദ്ധീകരിക്കും. ഡിജിറ്റൽ സർവ്വേയുമായി ബന്ധപെട്ട എല്ലാ വിവരങ്ങളും എന്റെ ഭൂമിയിൽ ലഭ്യമാകും .അതോടൊപ്പം രജിസ്ട്രേഷൻ ,റവന്യൂ, സർവ്വേ വകുപ്പുകളെ കൂട്ടി യോജിപ്പിച്ചിട്ടുള്ള Integrated Software ആയി പിന്നീട് എന്റെ ഭൂമി ഉപയോഗപ്പെടുത്തും |
| (ബി) | പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ? | (ബി) | 'എല്ലാ ഭൂമിക്കും രേഖ, എല്ലാ പേർക്കും ഭൂമി, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ എല്ലാവില്ലേജുകളുടെയും ഡിജിറ്റൽ സർവെ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | | സർവെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിക്കും. ഇതിലൂടെ ജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി നിർവ്വഹിക്കുന്നതിനും സാധിക്കും. കൂടാതെ, പോർട്ടൽ മുഖാന്തിരം ആധികാരിക രേഖയായി ലഭ്യമാകുന്നതിനാൽ പൊതുജനങ്ങൾക്ക് കബളിക്കപ്പെടാതെ ഭൂമി വാങ്ങുന്നതിനും വളരെ സഹായകരമാണ്. ഇത് കൂടാതെ, മാപ്പ് അധിഷ്ഠിത പോക്ക് വരവ് സംവിധാനം നടപ്പിലാക്കുന്നതിനും, രജിസ്ട്രേഷൻ, റവന്യൂ സർവെ സംബന്ധമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ട Record of Right (RoR) നൽകാൻ സാധിക്കും. കൃത്യമായ സർവെ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതുൾപ്പെടെയുള്ള വിവിധ സർക്കാർ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് വളരെ വേഗത്തിൽ നൽകുന്നതിനും കൂടാതെ, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയ രേഖകൾ ഫീൽഡ് പരിശോധന കൂടാതെ തന്നെ വളരെ വേഗത്തിൽ ഭൂവുടമകൾക്ക് നൽകുന്നതിനും സാധിക്കുന്നതാണ്.ഭൂരേഖകളെല്ലാം പൂർണ്ണമായും ഐ.ടി അധിഷ്ഠിത സേവനമായി രൂപാന്തരപ്പെടുന്നതോടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്കു വിപ്ലവകരമായ രീതിയിൽ ആക്കാം കൂട്ടുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ